**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നം. 3469**

**11-12-2018-ൽ മറുപടിക്ക്**

## ട്രാക്ടർ ലഭ്യതക്കുറവ്

**ചോദ്യം**

**ശ്രീ.കെ. മുരളീധരൻ**

**മറുപടി**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ ട്രാക്ടർ ലഭ്യതക്കുറവ് കാരണം നിരവധി നെൽക്കർഷകർ കൃഷി ഉപേക്ഷിക്കേണ്ട സാഹചര്യമുണ്ടോ; | (എ) | കേരളത്തിൽ ട്രാക്ടർ ലഭ്യതക്കുറവ് കാരണം കർഷകർ നെൽകൃഷി ഉപേക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മാത്രമല്ല, കാർഷിക കർമ്മ സേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, പാടശേഖര സമിതികൾ, കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും എഞ്ചിനീയറിംഗ് വിഭാഗം, എന്നിവിടങ്ങളിലെല്ലാം ഈ ഉപകരണങ്ങൾ ലഭ്യമാണ്. സംസ്ഥാനത്ത് കാർഷിക കർമ്മ സേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവരുടെ പക്കൽ ആകെ 257 ട്രാക്ടറുകൾ ലഭ്യമാണ്. ഇതിനുപുറമെ SMAM പദ്ധതി പ്രകാരം കർഷകർക്കും-കർഷക ഗ്രൂപ്പുകൾക്കും സബ്സിഡി നിരക്കിൽ ട്രാക്ടർ ഉൾപ്പെടെയുള്ള കാർഷികോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നത് കർഷകർക്ക് ഉപയോഗപ്പെടുന്നുണ്ട്. |
| (ബി) | പ്രസ്തുത കാരണത്താൽ ചെല്ലഞ്ചിപ്പാടം തരിശിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. നിലവിൽ ചെല്ലഞ്ചിപ്പാടം തരിശിട്ടിട്ടില്ല. ട്രാക്ടർ ഉപയോഗിച്ച് ഇവിടെ കൃഷിയിറക്കിയിട്ടുണ്ട്. |
| (സി) | ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | ജനകീയാസൂത്രണ പദ്ധതി പ്രകാരം കർമ്മസേനകൾക്ക് യന്ത്രോപകരണങ്ങൾ ലഭ്യമാക്കുവാൻ നടപടി കൈക്കൊണ്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ